LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 മാർച്ച് 28, തിങ്കൾ

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 28

നിയമസഭ 2005 മാർച്ച് മാസം 28-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ ..... ഓർഡർ .....

സർക്കാർ മേഖലയിൽ പുതിയ വിദ്യാലയങ്ങൾ ആരംഭിക്കാൻ നടപടി

*1 [604] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

„ *എം. കുമാരൻ:*

„ *പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ പുതിയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ സൗകര്യങ്ങൾ തീരെ ഇല്ലാത്ത പ്രദേശങ്ങളിൽ വിദ്യാലയങ്ങൾ ആരംഭിക്കാത്തതുമൂലം സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കടുത്ത ചൂഷണം രക്ഷിതാക്കൾ നേരിടേണ്ടിവരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം പ്രദേശങ്ങളിൽ സർക്കാർ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ,

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ പുതിയ വിദ്യാലയങ്ങൾ തുടങ്ങുന്നതിനോ, നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനോ അന്തിമമായി തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടില്ല. ഈ കാര്യം ഗവണ്മെന്റ് പരിഗണിച്ചുവരികയാണ്.

(ബി) ഗവണ്മെന്റ് സ്കൂളുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങൾ മാത്രം പ്രവർത്തിക്കുന്നതിന്റെ ഫലമായുള്ള പ്രയാസങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പുതുതായി വിദ്യാലയങ്ങൾ അനുവദിക്കുന്ന സന്ദർഭത്തിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ തീരെ കുറവായ സ്ഥലങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

ശ്രീ. എം. കുമാരൻ: സർ, സംസ്ഥാനത്ത് ലാഭത്തിന്റെയും, നഷ്ടത്തിന്റെയും കണക്ക് പറഞ്ഞ് സർക്കാർ വിദ്യാലയങ്ങൾ അടച്ചുപൂട്ടാനുള്ള ഒരു തീരുമാനമുണ്ടായി. ആ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വിദ്യാലയങ്ങളാണ് അടച്ചു പൂട്ടിയത്; അതിന്റെ കണക്ക് ഒന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, അൺ ഇക്കണോമിക്ക് എന്ന പേരിൽ ചില സ്കൂളുകൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. കൃത്യമായ കണക്ക് ശേഖരിച്ചു പറയാം. അന്ന് ഐഡന്റിഫൈ ചെയ്തതിൽ ചില മാനദണ്ഡങ്ങൾ വച്ചിരുന്നു. അതായത് ട്രൈബൽ ഏരിയ, ഫിഷർമെൻ ഏരിയ, അതുപോലുള്ള ഏരിയായിൽ എത്ര കുട്ടികളുടെ എണ്ണം ഉണ്ടായിരുന്നാലും അത് പൂട്ടേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു . അതേസമയത്ത് ആ തീരുമാനം എടുത്തതിനുശേഷം തന്നെ ബഹുമാനപ്പെട്ട എം.എൽ.എ. മാരുടെയും മറ്റും പരിശ്രമത്തിന്റെ ഫലമായി അൺ ഇക്കണോമിക്ക് സ്കൂളുകൾ ലിസ്റ്റു ചെയ്തതിൽ പിന്നെ അൺ ഇക്കണോമിക്ക് സ്കൂളുകൾ അല്ലാതെ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നുണ്ട്. കൃത്യമായി എത്രയെണ്ണം അടച്ചുവെന്ന് കണക്കുകൾ ലഭ്യമാക്കി മെമ്പർക്ക് നൽകുന്നതാണ്.

ശ്രീ. എം. കുമാരൻ: സർ, ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷം എത്ര അൺ എയിഡഡ് സ്കൂളുകൾ എയ്ഡഡായി ഉയർത്തിയെന്നും, അങ്ങനെ ഉയർത്തപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ആ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് ശമ്പളമിനത്തിൽ കൊടുക്കാൻ എത്ര അധിക ബാധ്യത വന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം അൺ എയിഡഡ് സ്കൂളുകൾ എയ്ഡഡായി മാറ്റിയിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നത് Area intensive scheme എന്നുള്ള നിലയിലാണെങ്കിൽ അത് കേന്ദ്ര ഗവണ്മെന്റിന്റെ minority education-ന്റെ ഭാഗമായി ഉണ്ടാക്കിയതാണ്. അതല്ലാതെ മറ്റൊരു അൺ എയ്ഡഡ് സ്കൂളും എയ്ഡഡായി മാറ്റിയിട്ടില്ല. ഈ ഗവണ്മെന്റിന്റെ കാലത്ത് 491 സ്കൂളുകളാണ് അൺഎയ്ഡഡ് സെക്ടറിൽ കൊടുത്തിരുന്നത്. അവയൊന്നും തന്നെ എയ്ഡഡാക്കി മാറ്റിയിട്ടില്ല.

ശ്രീ. പി. എസ്. സുപാൽ: സർ, ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം അൺ എയിഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങൾ യാതൊരു മാനദണ്ഡവുമില്ലാതെ വ്യാപകമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ദുരന്തഫലമാണ് ഈ കേരളീയ സമൂഹം ഇന്ന് അനുഭവിച്ചു കൊണ്ടിരിക്കുന്നത്. ഇവിടെ പൊതുവിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട വിദ്യാലയങ്ങളെ പരിഗണിക്കുന്ന കാര്യത്തിൽ ഗവണ്മെന്റ് വീഴ്ച വരുത്തുകയാണ്. നമ്മുടെ പിന്നോക്ക മേഖലയടക്കം ധാരാളം മേഖലകളിൽ നിരവധി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതുകൊണ്ട് വിദ്യാർത്ഥികൾ വളരെയധികം പ്രയാസങ്ങൾ നേരിടുകയാണ്. സംസ്ഥാനത്തെ ഈ സാഹചര്യം പരിഗണിച്ചുകൊണ്ട് സർക്കാർ എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന എൽ. പി., യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള അടിയന്തിര നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ശ്രീ. സുപാൽ പറഞ്ഞതുപ്രകാരം, ഇവിടെ എല്ലാ സ്കൂളുകളും നേരെ അപ്ഗ്രേഡ് ചെയ്യുക എന്നു പറയുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഈ കാര്യം ഗവണ്മെന്റ് ഗൗരവമായി ആലോചിച്ചു വരികയാണ്. ഇതിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ നിലവിലുള്ള ഗവണ്മെന്റ് സ്കൂളുകളെ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള സാധ്യതകൾ, ഭൗതിക സൗകര്യങ്ങൾ ഇത്യാദി കാര്യങ്ങൾ നോക്കിക്കൊണ്ട് ഗവണ്മെന്റ് ഒരു സർവ്വെ നടത്തിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ അപ്ഗ്രേഡ് ചെയ്യാൻ വേണ്ടി ഓരോ ജില്ലാ അടിസ്ഥാനത്തിലും ലിസ്റ്റുണ്ടാക്കിയിട്ടുണ്ട്. അത് എപ്പോൾ അപ്ഗ്രേഡ് ചെയ്യാനൊക്കുമെന്ന് പറയാൻ സാധിക്കില്ല. അതിന്റെ വിശദീകരണം ഇതുപ്രകാരമാണ്. 65 യു. പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കുന്നതിന് പ്രൊപ്പോസലുണ്ട്. 112 എൽ. പി സ്കൂളുകൾ, യു. പി. സ്കൂളുകളാക്കുന്നതിന് പ്രൊപ്പോസലുണ്ട്. അതുപോലെതന്നെ എൽ. പി. സ്കൂളിൽ തന്നെ ഇപ്പോൾ 5-ാം ക്ലാസ് നിലവിലുള്ള ചില സ്കൂളുകളുണ്ട്. ആ സ്കൂളുകളുടെ കാര്യത്തിൽ ചില പ്രൊപ്പോസലുകൾ നിലവിലുണ്ട്. എല്ലാ സ്കൂളുകളും ഒറ്റയടിക്ക് അപ്ഗ്രേഡ് ചെയ്യാൻ പ്രയാസമാണ്. അടുത്ത അധ്യയന വർഷം ഏതാനും ഗവണ്മെന്റ് സ്കൂളുകളെങ്കിലും അപ്ഗ്രേഡ് ചെയ്യണമെന്നാണ് ഗവണ്മെന്റാഗ്രഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികമായ സാഹചര്യം കൂടി കണക്കിലെടുത്ത് അവസാനമായേ ഒരു തീരുമാനം പറയാൻ പറ്റുകയുള്ളുവെങ്കിലും ഗവണ്മെന്റാഗ്രഹിക്കുന്ന കാര്യം, അത്യാവശ്യമായി ചില ഗവണ്മെന്റ് സ്കൂളുകളെങ്കിലും അപ്ഗ്രേഡ് ചെയ്യാൻ പറ്റുമോ എന്നകാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, നമ്മുടെ സംസ്ഥാനത്ത് പ്രീ-ഡിഗ്രി വേർപെടുത്തി ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പ്ലസ് ടു മാറിയിരിക്കുകയാണ്. നിരവധി സ്കൂളുകളിൽ പ്ലസ് ടു ഉണ്ടായെങ്കിലും നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യകത പരിശോധിക്കുമ്പോൾ അതിനനുസരിച്ച് പ്ലസ് ടു സ്കൂളുകൾ ഇല്ലായെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. പ്ലസ് ടു സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളുണ്ട്. ഏറ്റവും ഒടുവിൽ സർക്കാർ കുറച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ കൊടുക്കാൻ തീരുമാനിച്ചുവെങ്കിലും പ്ലസ് ടു സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളുണ്ട്. അവിടെ ഒരു പക്ഷെ സർക്കാർ സ്കൂളുകൾ ഇല്ലായിരിക്കാം. അങ്ങനെയുള്ള സ്ഥലങ്ങളിൽ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന എയിഡഡ് സ്കൂളുകൾ പരിഗണിച്ചുകൊണ്ട് പ്ലസ് ടു സ്കൂളുകൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും അനുവദിക്കാൻ ആവശ്യമായ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, എസ്.എസ്.എൽ.സി. പാസ്സാകുന്ന കുട്ടികളുടെ എണ്ണവും, പ്ലസ് ടുവിനുള്ള സീറ്റിന്റെ ലഭ്യതയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ശ്രീ. പി. എസ്. സുപാൽ പറഞ്ഞപോലെ ചിലയിടങ്ങളിൽ കുറവുണ്ട്. പ്രത്യേകിച്ച് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വലിയ അന്തരം കാണുന്നുണ്ട്. ചില സ്ഥലങ്ങളിലെ, ചില പഞ്ചായത്തുകളിൽ പ്ലസ് ടു സ്കൂളുകൾ തന്നെയില്ല. അത്തരം സ്ഥലങ്ങളിൽ അടുത്ത അധ്യയന വർഷം ഏതെങ്കിലും ഒരു സെക്ടറിൽ പ്ലസ് ടു സ്കൂളുകൾ കൊടുക്കണമെന്നാഗ്രഹിക്കുന്നുണ്ട്. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, വിദ്യാഭ്യാസ വിഷയത്തിൽ പ്രൈവറ്റ് മേഖല വളരെയേറെ മഹനീയമായ സേവനം നൽകിയിട്ടുണ്ടെന്ന് സമ്മതിക്കുന്നുവെങ്കിലും ഇന്ന് സർക്കാർ പള്ളിക്കൂടങ്ങളും, മാനേജുമെന്റ് പള്ളിക്കൂടങ്ങളും തമ്മിൽ തട്ടിച്ചുനോക്കുമ്പോൾ കുട്ടികൾക്ക് സർക്കാർ പള്ളിക്കൂടങ്ങളിൽ കടന്നുപോകാനും, ഇരിക്കാനും പഠിക്കാനും നാണക്കേടുണ്ട്. അത്രമാത്രം വ്യത്യാസം സെറ്റപ്പിലുണ്ട്. ആ വ്യത്യാസമില്ലാതെ സർക്കാർ സ്കൂളുകൾ എന്നു പറഞ്ഞാൽ പോരാ മറ്റുള്ളവർ നോക്കുന്നപോലെതന്നെ ഈ സ്കൂളുകൾ മെയിന്റനൻസ് ചെയ്യാൻ മഹാമനസ്ക്കത ഗവണ്മെന്റ് കാണിച്ചില്ലെങ്കിൽ, പാവപ്പെട്ട കുട്ടികൾ സർക്കാർ പള്ളിക്കൂടങ്ങളിൽ പൊളിഞ്ഞ കെട്ടിടങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

പഠിക്കുന്നു, മറ്റുള്ളവർ മാളിക കെട്ടിടത്തിൽ പഠിക്കുന്നു എന്നുള്ള വ്യത്യാസം ഉണ്ടാകും. അതുകൊണ്ട് മന്ത്രി അതേപ്പറ്റി ആലോചിക്കണം. എല്ലായിടത്തും എല്ലാ സർക്കാർ സ്കൂളുകൾക്കും മതിൽ, ഗേറ്റ്, മറ്റ് പ്രൈവറ്റ് മേഖലയിലെ പള്ളിക്കൂടങ്ങളെപോലെത്തന്നെ ആ സ്കൂളുകളും സൂക്ഷിക്കണം. അത് ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഗവണ്മെന്റ് സ്കൂളുകളുടെ ഏറ്റവും വലിയ പരിതാപകരമായ അവസ്ഥ എന്നു പറയുന്നത് ഇൻഫ്രാസ്ട്രക്ച്ചറിന്റെ പോരായ്മയാണ്. അതുകൊണ്ട് തന്നെയാണ് അതിന് ഒരു വിപരീതവശമുള്ളത്. ഗവണ്മെന്റ് അത് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഭൗതിക വികാസങ്ങൾക്ക് മുന്തിയ പരിഗണന കൊടുക്കുന്നത്. ഓല മേഞ്ഞ കെട്ടിടങ്ങളുള്ള സ്കൂളുകൾ അത്രയും ഓടാക്കി മാറ്റുന്നതിന് എസ്.എസ്.എ. യുടെ നേതൃത്വത്തിൽ ഒരു പരിപാടി ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്. അതുപോലെ എസ്.എസ്.എ.യുടെ നേതൃത്വത്തിൽ കെട്ടിടങ്ങളും, ക്ലാസ് മുറികൾ വേർതിരിക്കുന്നത് അടക്കമുള്ള കാര്യങ്ങൾ ഇപ്പോൾ ചെയ്തു വരുന്നുണ്ട്. ശ്രീ. നാരായണക്കുറുപ്പ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇവിടെ ഭൗതിക സൗകര്യങ്ങൾ കൂടി, ഉറപ്പു വരുത്തുന്നതോടുകൂടി ഗവണ്മെന്റ് സ്കൂളുകളുടെ സ്ഥിതി കുറെക്കൂടി മെച്ചപ്പെടും. അതുപോലെതന്നെ അവിടെ അക്കാഡമിക്ക് ആയിട്ടുള്ള കാര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി അധ്യാപകർക്ക് പരിശീലനം നൽകുന്ന കാര്യം ഊന്നൽ നൽകിയിട്ടുണ്ട്. എസ്.എസ്.എ. ഫലപ്രദമായി നടപ്പിലാക്കുന്നതോടുകൂടി ഗവണ്മെന്റ് സ്കൂളുകളുടെ ശോചനീയാവസ്ഥയ്ക്ക് കാര്യമായ പരിഹാരം ഉണ്ടാകുമെന്നാണ് പ്രതീക്ഷ. ഇപ്പോൾ ചെയ്ത നടപടികൾക്ക് തന്നെ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്.

ശ്രീ. മത്തായി ചാക്കോ: സർ, ഗ്രാമ പഞ്ചായത്തുകളിൽ മാനേജുമെന്റിലുള്ള ഏതാനും സ്കൂളുകളിൽ നിയമനം പി.എസ്.സി. വഴിയാണ്. എന്റെ മണ്ഡലത്തിലെ മണിയൂർ സ്കൂൾ അങ്ങനെയുള്ളതാണ്. പക്ഷേ, മാനേജുമെന്റ് ഗ്രാമപഞ്ചായത്താണ്. ഗവണ്മെന്റിന്റെ യാതൊരു ആനുകൂല്യവും അവിടെ കിട്ടുന്നില്ല. ഈ പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇത് പരിഷ്ക്കരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ശ്രീ. മത്തായി ചാക്കോ പറഞ്ഞപോലെ ഞാനും അദ്ദേഹത്തോടൊപ്പം ആ സ്കൂളിൽ പോയി കണ്ടിരുന്നു. ആ സ്കൂളിൽ യഥാർത്ഥത്തിൽ ഒരു പ്രശ്നമുണ്ട്. ആ പ്രശ്നം ഗവണ്മെന്റ് ഉടനെ പരിഹരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: സർ, മലയോര പ്രദേശങ്ങളിൽ പലയിടത്തും 4 കിലോമീറ്ററിനുള്ളിൽപോലും ഒരു എൽ.പി. സ്കൂളില്ല. ഗവണ്മെന്റ് പുതിയ എൽ.പി. സ്കൂളുകൾ ഒന്നും അനുവദിക്കാത്തതുകാരണം അവിടെ എൽ. പി. സ്കൂളുകളിൽ പോലും പഠിക്കാൻ കുട്ടികൾക്ക് സാധിക്കുന്നില്ല. ദയവായി 4 കിലോമീറ്ററിനുള്ളിൽ എൽ.പി. സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഗവണ്മെന്റ് മേഖലയിലോ, എയിഡഡ് മേഖലയിലോ എൽ.പി. സ്കൂളുകൾ തുടങ്ങാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, S.S.A. യിൽ ഒരു component ഉണ്ട്. വളരെ പിന്നോക്കം നിൽക്കുന്ന ഈ മലയോര പ്രദേശം പോലുള്ളിടത്ത് എൽ.പി. സ്കൂളുകൾ സ്ഥാപിക്കാൻ S.S.A. യുടെ fund കൊണ്ട് സാധിക്കും. കേരളത്തിൽ ഇപ്പോൾ ശരാശരി പറഞ്ഞാൽ ഒരു കിലോമീറ്ററിനുള്ളിൽ എൽ. പി. സ്കൂളുകൾ ലഭ്യമാണ്. ഈ ഹിൽ ഏരിയ ഒഴികെ അത്തരം ഹിൽ ഏരിയകളിൽ എസ്.എസ്.എ. പദ്ധതിപ്രകാരം ആരംഭിക്കാൻ സാധിക്കുമോയെന്ന കാര്യം ഗവണ്മെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കേരളത്തിൽ സ്പെഷ്യൽ റൂൾസ് പ്രകാരം ആരംഭിച്ച മലബാറിലെ പല ഗവണ്മെന്റ് എൽ.പി. യു.പി. സ്കൂളുകളും പത്ത്, അൻപത് കൊല്ലമായി വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. S.S.A. fund ഇപ്പോൾ വന്നിരിക്കുന്നു. S.S.A. fund ഇനി അധികകാലമില്ല. വാടക കെട്ടിടത്തിലായതുകൊണ്ട് S.S.A. fund ഉപയോഗിച്ചുകൊണ്ട് ഈ കെട്ടിടങ്ങളുടെ നവീകരണം നടക്കാതെ പോകുന്നു. ഇപ്പോൾ വിദ്യാർത്ഥികളെ രക്ഷകർത്താക്കൾ പറഞ്ഞയയ്ക്കുന്നത് ഓരോ സ്കൂളിന്റെയും മോഡിയും സൗകര്യവുമൊക്കെ നോക്കിയിട്ടാണ്. ഗവണ്മെന്റ് സ്കൂളുകൾ കുട്ടികളെ ആകർഷിക്കണമെങ്കിൽ S.S.A. fund ഉപയോഗിച്ച് പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കണം. അതുകൊണ്ട് പത്ത് അൻപത് കൊല്ലമായി ഗവണ്മെന്റ് സ്കൂളുകളായി വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യവ്യക്തികളുടെ ഈ സ്ഥലം ഗവണ്മെന്റ് ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള ഒരു നിയമത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ശ്രീ. എ. സി. ഷൺമുഖദാസ് പറഞ്ഞത് ശരിയാണ്. 324 എൽ.പി. സ്കൂളുകളും, 27 യു.പി. സ്കൂളുകളും, 23 ഹൈസ്കൂളുകളും, കേരളത്തിൽ ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എസ്.എസ്.എ. പ്രകാരം കെട്ടിടം ഉണ്ടാക്കാൻ കഴിയും. എസ്.എസ്.എ. പ്രകാരം കെട്ടിടം ഉണ്ടാക്കണമെങ്കിൽ ലാൻഡ് നമ്മുടെ കൈയിൽവേണം. ലാൻഡ് ഇല്ലാത്തതുകൊണ്ടാണ് കെട്ടിടം ഉണ്ടാക്കാൻ സാധിക്കാത്തത്. ലാൻഡ് വാങ്ങാൻ ബജറ്റിൽ പ്രൊവിഷൻ ഇല്ല. ലാൻഡ് ലഭ്യമാകുന്ന മുറയ്ക്ക് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകളെ ഏറ്റെടുക്കാൻ കഴിയും. ലാൻഡ് ലഭിക്കുമെങ്കിൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടം ഉണ്ടാക്കാൻ സാധിക്കും. അതിപ്പോൾ ലോക്കൽ ആയിട്ടും എം.എൽ.എ. മുഖാന്തിരമായിട്ടുമൊക്കെവരുന്നുണ്ട്. പഞ്ചായത്തുകൾ ഭൂമി ലഭ്യമാക്കുകയാണെങ്കിൽ അത്തരം സ്ഥലങ്ങളിൽ കെട്ടിടം ഉണ്ടാക്കാൻ സാധിക്കും. അല്ലാതെ ഒറ്റയടിക്ക് ഏൽക്കാൻ കഴിയുന്ന കാര്യമല്ല.

ശ്രീ. നാലകത്ത് സൂപ്പി : സർ, ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കുമ്പോൾ ധാരാളം കുട്ടികൾ എസ്.എസ്.എൽ.സി. പാസ്സാകും എന്നാണ് കണക്ക്. ആ സ്ഥിതിക്ക് ഗവൺമെന്റ് സ്കൂളുകളിലെങ്കിലും പുതിയ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാവുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഗവൺമെന്റ് സ്കൂളുകളിൽ പ്ളസ് ടു കൊടുക്കുന്ന കാര്യത്തിൽ അങ്ങ് മന്ത്രിയായിരുന്ന കാലത്ത് റെക്കോർഡ് ഉണ്ടായിട്ടുണ്ട്. മറ്റൊരുകാലത്തും ഇത്രയും സ്കൂളുകളിൽ പ്ലസ് ടു അനുവദിച്ചിട്ടില്ല. 280 സ്കൂളുകളിലാണ് അങ്ങയുടെ കാലഘട്ടത്തിൽ പ്ലസ് ടു കൊടുത്തിട്ടുള്ളത്. ഇനി പ്ലസ് ടു കൊടുക്കുന്ന സമയത്ത് ഗവൺമെന്റ് സ്കൂളുകളിൽ പ്ലസ് ടു കൊടുക്കുന്നതിന് പ്രയോറിറ്റി കൊടുക്കും. ശ്രീ. പി. എസ്. സുപാൽ ചോദിച്ചപ്പോഴും ഞാനതാണ് പറഞ്ഞത്.

ശ്രീ. സാജു പോൾ : സർ, ഏറ്റവും അനിവാര്യമായ സ്ഥലങ്ങളിൽ പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ; നമ്മുടെ ഗവൺമെന്റ് പോളിടെക്നിക്കുകളുടെയും, അതുപോലെ ഐ.റ്റി.ഐ. കളുടെയും ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണ്. ഉന്നത സാങ്കേതിക വിദ്യാഭ്യാസത്തിന് ഗ്രാമീണമേഖലയിൽ ആളുകൾ അങ്ങേയറ്റം ആശ്രയിക്കുന്നത് അത്തരം സ്ഥാപനങ്ങളെയാണ്. ഇന്ന് ആധുനികവത്ക്കരണത്തിന്റെയും പുതിയ കോഴ്സുകളുടെയും സൗകര്യങ്ങളുടെയും ഒരുപാട് അപര്യാപ്തതയുണ്ട്. അത് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഐ. ടി. ഐ. കൾക്കും പോളിടെക്നിക്കുകൾക്കും കാലാനുസൃതമായി കോഴ്സുകൾ കൊടുത്ത് നവീകരിക്കേണ്ടത് ആവശ്യമാണ്. പോളിടെക്നിക്കിൽ നിലവിലുള്ള കോഴ്സുകൾ നവീകരിക്കുന്നതിനുവേണ്ട പദ്ധതികൾ ഇപ്പോൾ ഉണ്ട്. അത് ചെയ്തു കൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ out dated ആയിട്ടുള്ള കോഴ്സുകൾ ഒഴിവാക്കി എംപ്ലോയ്മെന്റ് മാർക്കറ്റിൽ ഡിമാൻഡുള്ള കോഴ്സുകൾ പോളിടെക്നിക്കുകൾക്ക് കൊടുക്കണമെന്നാഗ്രഹിച്ചുകൊണ്ട് വർക്കു ചെയ്തുവരുന്നു. ഐ.ടി.ഐ. യുടെ കാര്യം നേരിട്ട് എന്റെ വകുപ്പിൽപ്പെടുന്നതല്ലെങ്കിലും ഞാൻ മനസ്സിലാക്കിയിടത്തോളം കോഴ്സുകളുടെ നവീകരണം ഒരു പ്രയോറിറ്റി വച്ചുകൊണ്ട് അവർ ചെയ്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: സർ, എസ്.എസ്.എ. യുടെ ഫണ്ടുമായി ബന്ധപ്പെടുത്തി ശ്രീ. മത്തായി ചാക്കോ ചോദിച്ച ചോദ്യത്തിന് അനുബന്ധമായാണ് ഞാൻ ചോദിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ മാനേജ്മെന്റിൽ ഉള്ള പല വിദ്യാലയങ്ങൾക്കും നവീകരണത്തിനുവേണ്ടി എസ്.എസ്.എ. ഫണ്ട് ലഭിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള വിദ്യാലയങ്ങളുടെ നവീകരണത്തിനുവേണ്ടി എസ്.എസ്.എ. ഫണ്ട് നൽകുന്നതിന് പ്രത്യേകമായ നിർദ്ദേശം നൽകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : എസ്.എസ്.എ. ഫണ്ടിൽ പല components ഉണ്ട്. അതിൽ construction component ഗവൺമെന്റ് സ്കൂൾ എന്ന നിലയിൽ ആണ് കൊടുക്കുന്നത്. ഇത് പരിഗണിക്കാവുന്ന കാര്യമാണ്. അതായത് എസ്.എസ്.എ. യുടെ Project preparation ഘട്ടത്തിൽ ഈ സ്കൂളുകളെ കൂടി അതിന്റെ പരിധിയിൽ കൊണ്ടുവരാൻ ശ്രമിക്കാം.

ശ്രീ. എ. എ. അസീസ്: സർ, ഇപ്പോൾ ചില എൽ.പി. സ്കൂളുകളിൽ അഞ്ചാം സ്റ്റാൻഡേർഡ് നിലനിൽക്കുന്നു. പണ്ട് എൽ.പി. അഞ്ചാം സ്റ്റാൻഡേർഡും, യു.പി. എട്ടാം സ്റ്റാൻഡേർഡും, എസ്.എസ്.എൽ.സി. പത്താം സ്റ്റാൻഡേർഡും ആയിരുന്ന കാലഘട്ടത്തിലാണ് ഇത് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോഴും എൽ.പി. യോടനുബന്ധിച്ച് അഞ്ചാം സ്റ്റാൻഡേർഡ് നിലനിൽക്കുന്ന ചില സ്കൂളുകൾ ഉണ്ട്. അത്തരം സ്കൂളുകളിൽ ആറും ഏഴും ക്ലാസുകൾ കൂടി അനുവദിച്ച് അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഇത് കൊല്ലങ്ങളോളമായി ഉന്നയിക്കപ്പെടുന്ന സംഗതിയാണ്. ശ്രീ. എ. എ. അസീസ് പറഞ്ഞ പ്രകാരമുള്ള സ്കൂളുകൾ അഞ്ചാം സ്റ്റാൻഡേർഡ് വരെ എൽ.പി. യിൽപ്പെട്ടുപോയിട്ടുള്ള 230 സ്കൂളുകൾ സർക്കാർ മേഖലയിലും 510 സ്കൂളുകൾ എയ്ഡഡ് മേഖലയിലും ഉണ്ട്. ഞങ്ങൾ അതിന്റെ കണക്കെടുത്തു. 150 കുട്ടികൾക്കുമേലെ ഉള്ള സ്കൂളുകൾ തന്നെ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ആലോചന നടത്തി അതിന്റെ കോസ്റ്റ് വർക്ക്ഔട്ട് ചെയ്യുകയുണ്ടായി. അപ്പോൾ 76 ഗവൺമെന്റ് സ്കൂളുകളും 159 എയ്ഡഡ് സ്കൂളുകളും 150 കുട്ടികൾക്കുമേലെയുള്ളതുണ്ട്. അങ്ങനെയെങ്കിൽ ഒരു വർഷം 357.72 ലക്ഷം രൂപ അധിക സാമ്പത്തിക ബാധ്യത വരും. ഇത് ഒരു പ്രശ്നം തന്നെയാണ്. എൽ.പി. സ്കൂളിന്റെ കൂടെ അഞ്ചാം ക്ലാസ്പ്പെട്ടതുകൊണ്ട് എൽ.പി.യുമല്ല യു.പി.യുമല്ല എന്ന സ്വഭാവത്തിൽ നിൽക്കുകയാണ്. ഇതിന് എന്തുചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കുകയാണ്. ഏതെങ്കിലും ഒരു cut of line വച്ചിട്ട് കുറച്ചെങ്കിലും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ ആലോചിക്കുന്നു. ഇത് സാധിക്കാതെ വന്നാൽ അഞ്ചാംക്ലാസ് അബോളിഷ് ചെയ്ത് മറ്റു സ്കൂളുകളുമായി ക്ളബ് ചെയ്ത് ഏതെങ്കിലും വിധത്തിൽ പരിഹാരം കാണാൻ ഗവൺമെന്റിന് ആഗ്രഹമുണ്ട്. ഞങ്ങൾ വിശദാംശങ്ങൾ ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അവിടെ അധ്യാപകന്റെ പ്രശ്നം ഉണ്ടാവുകയില്ലേ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അധ്യാപകരുടെ പ്രശ്നങ്ങൾ ഉണ്ടാവും. അതൊക്കെയാണ് അതിന്റെ പ്രശ്നങ്ങൾ. ഇതിന്റെ പരിഹാരത്തിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഡി. സുഗതൻ : സർക്കാർ മേഖലയിൽ വിദ്യാലയങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; അമ്പലപ്പുഴയിൽ ഗവൺമെന്റ് കോളേജ് അനുവദിക്കണമെന്നത് ദീർഘകാലമായ ആവശ്യം ആണ്. എന്റെ നിയോജകമണ്ഡലത്തിൽ അമ്പലപ്പുഴയിൽ ഒരു കോളേജില്ല. ആലപ്പുഴ ജില്ലയിലെ മറ്റെല്ലാ നിയോജകമണ്ഡലങ്ങളിലും കോളേജുകൾ ഉണ്ട്. ഇവിടെ ഹരിപ്പാട് കഴിഞ്ഞാൽ മുപ്പതുകിലോമീറ്ററിനുള്ളിൽ ഒരു കോളേജ് ഇല്ല. സ്വകാര്യമേഖലയിൽ പോലുമില്ല. അതുകൊണ്ട് ദീർഘകാലമായ ഈ ആവശ്യം നടപ്പിലാക്കാൻ അമ്പലപ്പുഴയിൽ ഒരു ഗവൺമെന്റ് കോളേജ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഈ സാഹചര്യത്തിൽ അതിന്റെ പ്രൊപ്പോസൽ വന്നശേഷം, ഖണ്ഡിതമായി പറയാനൊക്കില്ല, സാമ്പത്തിക സാഹചര്യം കൂടി ആശ്രയിച്ചുനിൽക്കുന്ന ഘടകമാണ്. സാമ്പത്തിക സാഹചര്യം മെച്ചപ്പെടുകയാണെങ്കിൽ ഗവൺമെന്റ് കോളേജ് ഇല്ലാത്ത നിയോജകമണ്ഡലം എന്ന നിലയ്ക്ക് പരിഗണിക്കാവുന്നതാണ്. കൃത്യമായി ഉറപ്പുനൽകാൻ പ്രയാസമാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ഗവൺമെന്റ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള ഗവൺമെന്റിന്റെ ആലോചന സ്വാഗതാർഹമാണ്. എൽ. പി. സ്കൂളും, യു. പി. സ്കൂളും അപ്ഗ്രേഡ് ചെയ്യാൻ ഏതുതരത്തിലുള്ള മാനദണ്ഡമാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഇതിനെ സംബന്ധിച്ച് ഒരു പൊതു മാനദണ്ഡം തന്നെയാണുള്ളത്. ഒരു അഞ്ചിന സർവേ നടത്തേണ്ടതുണ്ട്. നിർദ്ദിഷ്ട സ്കൂൾ തുടങ്ങുന്നതിന് സമീപ പ്രദേശത്തുള്ള സ്കൂളുകളുടെ വിശദാംശങ്ങളറിയണം. അപ്ഗ്രേഡ് ചെയ്യുകയാണെങ്കിൽ ആ സ്കൂളിന്റെ സ്ഥല സൗകര്യവും അതിൽ പരിഗണിക്കേണ്ട മാനദണ്ഡമാണ്. ഈ സ്കൂളിന്റെ അടുത്തുള്ള മറ്റു സ്കൂളുകളിലേയ്ക്ക് ദൂരം എത്രയാണെന്നതുവരെ പരിഗണിക്കേണ്ടതാണ്. മറ്റൊരു പ്രശ്നം ആ പ്രദേശത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ ഇങ്ങനെയുള്ള മാനദണ്ഡങ്ങൾ വച്ചുകൊണ്ടാണ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മലയോര പ്രദേശങ്ങളിലും മലമുകളിലും ഡി.പി.ഇ.പി. പ്രകാരം സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. ആ സ്കൂളുകൾക്ക് അംഗീകാരമില്ല. അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നില്ല എന്ന ഗൗരവമായ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഡി. പി. ഇ. പി. സ്കൂളിന്റെ കാര്യത്തിൽ പാലക്കാട് ജില്ല ഒഴികെ നേരത്തെ പരിഹാരം കണ്ടിട്ടുള്ളതാണ്. ഇതിന്റെ കണക്ക് മലപ്പുറത്ത് 5 സ്കൂളുകൾ, ഇടുക്കി 15 സ്കൂളുകൾ, പാലക്കാട് ജില്ലയിൽ 8 സ്കൂളുകൾ, കാസർഗോഡ് 7 സ്കൂളുകൾ, വയനാട്ടിൽ ആണ് ഏറ്റവും കൂടുതൽ 24 സ്കൂളുകൾ. ഡി. പി. ഇ. പി സ്കൂളുകൾ തീരെ ഇല്ലാത്ത ജില്ല തിരുവനന്തപുരമാണ്. അന്ന് പാലക്കാട് ജില്ലയിലെ സ്കൂളുകൾ എൽ.പി. സ്കൂളുകളെ ഈ സ്ഥിതിയിലേക്ക് കൊണ്ടുവരേണ്ട പ്രശ്നമുണ്ടായിരുന്നു. ആ പ്രശ്നം നിങ്ങളെല്ലാവരും ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി പരിഹരിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ നേരത്തെ പരിഹരിച്ചു.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, സർക്കാർ സ്കൂളുകളും എയ്ഡഡ് സ്കൂളുകളും അപ്ഗ്രേഡ് ചെയ്യുന്നതിനും പുതിയ സ്കൂളുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രയാസങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചു. മിക്ക എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അദ്ധ്യാപക നിയമനങ്ങളിൽ കോഴ വാങ്ങുന്നു എന്ന യാഥാർത്ഥ്യം നമുക്കെല്ലാവർക്കുമറിയാം. എന്നാൽ നിയമനത്തിന് കോഴ വാങ്ങാതെ അദ്ധ്യാപകരെ നിയമിക്കുന്ന പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്. നൂറു ശതമാനം റിസൽട്ട് തരുന്ന വിദ്യാലയങ്ങൾക്ക് എന്ത് പ്രോത്സാഹനമാണ് ഗവൺമെന്റ് നൽകാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അവരെ പ്രോത്സാഹിപ്പിക്കും. പ്രത്യേകമായ പരിഗണന കൊടുക്കുന്നത് പ്രായോഗികമല്ല. ചില സ്കൂളുകൾ ചൂഷണം ചെയ്യുന്നു. അതേസമയം മറ്റു ചില സ്കൂളുകൾ നന്നായി വർക്കുചെയ്യുന്നു. അവരെ വാക്കാൽ പ്രോത്സാഹിപ്പിക്കാമെന്നല്ലാതെ കെ. ഇ. ആർ. പ്രകാരം പ്രത്യേകമായ ആനുകൂല്യം കൊടുക്കാൻ സാധിക്കുകയില്ല.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ പരാതികൾ ഉണ്ടാവുന്നു. പരാതികൾ ഉണ്ടാകുന്നതിന്റെ പേരിൽമാത്രം അപ്ഗ്രഡേഷൻ മാറ്റിവയ്ക്കുകയും യഥാർത്ഥത്തിൽ പരാതികളെക്കുറിച്ച് വേണ്ട വിധത്തിൽ അന്വേഷിക്കാത്തതിന്റെ പേരിൽ അർഹതപ്പെട്ട പല വിദ്യാലയങ്ങൾക്കും അപ്ഗ്രഡേഷൻ കിട്ടാതെ പോകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് KER - ൽ procedure ഉണ്ട്. ആ procedure പ്രകാരം നോട്ടിഫൈ ചെയ്തുകഴിഞ്ഞാൽ objection വിളിക്കും. ആ objection, statutory ആയിട്ടുള്ള ബാധ്യതയാണ്. Objection കിട്ടിക്കഴിഞ്ഞാൽ hearing നടത്തണം. Hearing സമയത്ത് മെറിറ്റ് നോക്കി മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ. മറ്റൊരു മാനദണ്ഡവുമില്ല. ഇത് KER പ്രകാരം നിർബന്ധമായി ചെയ്യേണ്ടതാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ : സർ, ഇവിടെ പുതിയ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് ചില മാനദണ്ഡങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. സാധാരണ ഒരു പഞ്ചായത്തിൽ ഒരു ഹൈസ്കൂളെങ്കിലുമെന്നുള്ളത് നിലനിൽക്കുന്നുണ്ട്. പക്ഷേ 25,000-വും 30,000-വും ആളുകളുള്ള പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളമാണ് നേരത്തേ കണക്കുവന്നത്. ഇവിടെ എന്റെ മണ്ഡലത്തിൽ 50,000-വും 65,000-വും ആളുകൾ വസിക്കുന്ന പ്രദേശമുണ്ട്. അപ്പോൾ സ്കൂളുകൾ ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്ന ഘട്ടത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള പ്രദേശത്തിന് ഒരു പ്രത്യേക പരിഗണന കൊടുക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇതെടുക്കുന്ന സമയത്തെ ഒരു മാനദണ്ഡം അതുതന്നെയാണ്. അതിന്റെ ശാസ്ത്രീയ മാനദണ്ഡങ്ങൾ ഞാൻ പറഞ്ഞതാണ്. അതേസമയം കൂടുതൽ ജനസംഖ്യയുള്ള സ്ഥലത്ത്, കൂടുതൽ ആവശ്യമുള്ള സ്ഥലത്ത് കൂടുതൽ സ്കൂളുകൾ അനുവദിക്കണമെന്നുള്ളതു തന്നെയാണ്. സ്കൂളുകളില്ലാത്ത പഞ്ചായത്തുകളിൽ സ്കൂളുകൾ അനുവദിക്കണമെന്നുള്ള നയമുണ്ടായിരുന്നു. അതിന്റെ ഫലമായി സ്കൂളുകൾ അനുവദിച്ചിരുന്നു. പക്ഷേ അതിനുശേഷം പഞ്ചായത്തുകളിൽ വിഭജനം വന്നതിനുശേഷം അങ്ങനെ ചില സ്കൂളുകൾ വന്നിട്ടുണ്ട്. ചില പഞ്ചായത്തുകളിൽ ഇപ്പോഴും സ്കൂളുകളില്ലാത്ത അവസ്ഥയുണ്ട്. അത്തരം സ്ഥലങ്ങളിൽ സ്കൂളുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, എന്റെ നിയോജകമണ്ഡലത്തിൽ അടുത്ത പ്രദേശത്തൊന്നും യു.പി. സ്കൂൾ ഇല്ലാത്തതുകൊണ്ട് എൽ.പി. സ്കൂളിലെ പഠനം കഴിഞ്ഞ് ചിലർ പഠനം നിർത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ നിരവധി തവണ ഈ കാര്യം പെടുത്തുകയുണ്ടായി. ഞാൻ പറയുന്നത് ഗവൺമെന്റിനോ അല്ലെങ്കിൽ മറ്റാർക്കെങ്കിലുമോ സാമ്പത്തികമായി യാതൊരു വിഷമങ്ങളുമില്ലാതെ പി.ടി.എ. സ്ഥലവും കെട്ടിടവുമുണ്ടാക്കി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്താൽ വളരെ ദൂരത്തുപോയി പഠിക്കാൻ സൗകര്യമില്ലാത്ത പാവപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന ഗവൺമെന്റ് എൽ. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കെട്ടിടവും സ്ഥലവും അതിലൊരു ഭാഗം മാത്രമാണ്. അധ്യാപകന്റെ ശമ്പളമാണ് അതിൽ recurring expenditure ആയിട്ടുവരുന്ന ഒരു കാര്യം. ശ്രീ. ഇസ്ഹാക് കുരിക്കൾ പറഞ്ഞ കാര്യം ശരിയാണ്, പക്ഷേ ഇന്നത്തെ സാഹചര്യത്തിൽ സാമ്പത്തികമായ പൊസിഷനിൽക്കൂടി ഒരു വ്യക്തത വരാതെ സഭയിൽ ഒരു ഉറപ്പുനൽകാൻ ബുദ്ധിമുട്ടുണ്ട്. ഇത് കൊടുക്കുന്ന സമയത്ത് തീർച്ചയായും അതുകൂടി പരിശോധിക്കുന്നതാണ്. നിലവിലുള്ള സ്കൂളുകളിൽ നിന്നും മറ്റു സ്കൂളുകളിലേക്കുള്ള ദൂരം ഒരു പ്രധാന ഘടകം തന്നെയാണ്.

ശ്രീ. കെ. മോഹൻ കുമാർ: സർ, സി. ബി. എസ്. ഇ. സിലബസ്സിനോടുള്ള ഗാഢമായ അഭിനിവേശം നമ്മുടെ ഗ്രാമപ്രദേശങ്ങളിൽപ്പോലും ഇപ്പോൾ ശക്തമാകുകയാണ്. സർക്കാർ സ്കൂളുകളിൽ പ്രൈമറി തലത്തിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിക്കാനുള്ള വളരെ ധീരമായ, കാലിക്മായ ഒരു തീരുമാനമെടുത്ത പശ്ചാത്തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഏതാനും സർക്കാർ സ്കൂളുകളിലെങ്കിലും സി.ബി.എസ്.ഇ. സിലബസ്സ് അനുവദിക്കാനും ഒപ്പം നിലവിലുള്ള സി.ബി.എസ്.ഇ. സിലബസ്സുള്ള സ്കൂളുകളിൽ അധ്യയന നിലവാരവും ഗുണനിലവാരവും ഉറപ്പാക്കാനും സാമ്പത്തിക അച്ചടക്കം ഏർപ്പെടുത്താനും ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: നിലവിലുള്ള കേരള സിലബസ് പ്രകാരം നടത്തുന്ന സ്കൂളുകളിൽ സി.ബി.എസ്.ഇ. ബാച്ച് കൊണ്ടുവരുന്ന കാര്യം പ്രായോഗികമല്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. ശ്രീ. കെ. മോഹൻകുമാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതിന്റെ മറ്റു കാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്. എനിക്കു തോന്നുന്നത് ഒരിക്കലും അത് നടക്കുന്ന ഒരു കാര്യമല്ലെന്നാണ്. നിലവിലുള്ള കേരള സിലബസ്സിലുള്ള സ്കൂളിൽ സി.ബി.എസ്.ഇ. ബാച്ചുകൂടി നടത്താൻ, അതിന്റെ അഡ്മിനിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങളും മറ്റും ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. അതുകൊണ്ട് ആ നിർദ്ദേശം ഒറ്റയടിക്ക് അംഗീകരിക്കുമെന്നുപറയാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, പാലക്കാട് ജില്ലയിലെ 8 ഡി. പി. ഇ. പി. സ്കൂളുകളുടെ അംഗീകാരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഈ സ്കൂളുകൾ അടച്ചുപൂട്ടുന്ന ഒരു ഘട്ടം വന്നപ്പോൾ പി. ടി. എ. കമ്മിറ്റിയും ഞങ്ങൾ ജനപ്രതിനിധികളുമൊക്കെക്കൂടി അവിടെ qualified

ആയിട്ടുള്ള ചില അധ്യാപകരെ വച്ചു. ആ അധ്യാപകർക്ക് നാളിതുവരെയാതൊരു ആനുകൂല്യവും നൽകിയിട്ടില്ല. ഇപ്പോൾ ആ സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. ഇനിയവിടെ പി.എസ്.സി. പോസ്റ്റിംഗ് വരുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരവിൽ കണ്ടത്. അതുകൊണ്ട് നാട്ടുകാരും ജനപ്രതിനിധികളുമൊക്കെക്കൂടി നിയോഗിച്ചിട്ടുള്ള ആ അധ്യാപകർക്ക് ആശ്വാസ നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അതിന്റെ പ്രൊപ്പോസൽ ഗവൺമെന്റിലേക്കു വരട്ടെ, എന്നിട്ട് ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് ആ കാലഘട്ടത്തിൽ അവർക്ക് കൊടുത്തിട്ടുള്ള ശമ്പളത്തിന്റെ കാര്യത്തിൽ സർക്കാരിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നുള്ള കാര്യം വിശദമായി പരിശോധിച്ച് പറയാം.

ശ്രീ. എ. സുജനപാൽ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ പുതിയ കോഴ്സുകളും സർക്കാർ മേഖലയിൽ പുതിയ വിദ്യാലയങ്ങളും അനുവദിക്കാനുള്ള പ്രധാന തടസ്സം സാമ്പത്തിക പ്രയാസമാണെന്നുപറഞ്ഞു. കേരളത്തിലെ പല യൂണിവേഴ്സിറ്റികളും നേരത്തേതന്നെ B.Ed self-financing course തുടങ്ങിയിട്ടുണ്ട്. കാലിക്കട്ട് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ് തുടങ്ങിയിട്ടുണ്ട്. പല യൂണിവേഴ്സിറ്റികളും വളരെ വിജയകരമായ രൂപത്തിൽ self-financing course-കളും കോളേജുകളും ആരംഭിക്കുകയാണ്. സർക്കാർ മേഖലയിൽ ഇതുപോലെ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ യൂണിവേഴ്സിറ്റികളിലെ self-financing course - കൾക്ക് വളരെ കുറഞ്ഞ ഫീസ് മാത്രമേ വാങ്ങുന്നുള്ളൂ. അപ്പോൾ എന്തുകൊണ്ട് ഗവൺമെന്റിന് പുതിയ കോഴ്സുകളായിട്ടും പുതിയ സ്ഥാപനങ്ങളായിട്ടും self-financing സ്ഥാപനങ്ങൾ ആരംഭിച്ചുകൂടാ? ആ നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമോ എന്ന് വ്യക്തമാക്കണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സെക്കണ്ടറി ലവൽ വരെയുള്ള കാര്യത്തിൽ ഗവൺമെന്റിന് നേരിട്ട് self-financing സ്ഥാപനങ്ങൾ കൊണ്ടുവരുന്നത് പ്രായോഗികമല്ല. അതേസമയം സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ Government owned self-financing college പോലുള്ള സ്ഥാപനങ്ങൾ I.H.R.D, L.B.S., Centre for Continuing Education മുതലായവ ഉണ്ട്. അതല്ലാതെ സെക്കണ്ടറി ലവലിൽ ആ നിലയിൽ ഒരു മാറ്റം കൊണ്ടുവരുന്നത് അഭിലഷണീയമാവില്ലെന്നാണ് ഗവൺമെന്റിന്റെ വിചാരം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ : സർ, സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എയ്ഡഡ് വിദ്യാലയങ്ങളിൽ സ്വാശ്രയ കോഴ്സുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത്തരം എത്ര വിദ്യാലയങ്ങൾ ആരംഭിച്ചിട്ടുണ്ട്; അത്തരം വിദ്യാലയങ്ങളിൽ നിന്നും സ്വാശ്രയ കോഴ്സുകൾ എയ്ഡഡ് മേഖലയിലേക്ക് മാറ്റാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഞാൻ മനസ്സിലാക്കുന്നത് അങ്ങ് ഉദ്ദേശിച്ച കോളേജുകളിലുണ്ട്. പ്ലസ് ടുവിന് ഇല്ല. പ്ലസ് ടു വേറെ സ്കീമാണ്. Unaided sector -ൽ പ്ലസ് ടു ഉണ്ട്. അത് എയ്ഡഡ് ആക്കി മാറ്റാൻ ഇന്നത്തെ ഘട്ടത്തിൽ കഴിയില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സർക്കാർ നിർദ്ദേശമനുസരിച്ച് കേരള ശാസ്ത്ര സാഹിത്യ പരിഷത്താണ് കേരളത്തിലെ uneconomic സ്കൂളുകളുടെ ഒരു നീണ്ട ലിസ്റ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചത്. അതിലെ അശാസ്ത്രീയത മനസ്സിലാക്കി ഈ സർക്കാർ അത് അതേപടി നടപ്പിലാക്കണ്ടായെന്ന് തീരുമാനിച്ചതിൽ സന്തോഷവും അഭിനന്ദനവും അറിയിക്കുന്നതോടൊപ്പം മലയോര പ്രദേശങ്ങളോട് ഗവൺമെന്റ് അനുഭാവപൂർണ്ണമായ ഒരു നിലപാടാണ് കൈക്കൊള്ളുന്നതെന്ന് അറിഞ്ഞു. എന്റെ മണ്ഡലത്തിലെ പകുതിയിലധികം സ്ഥലം മലയോരമാണെന്നുള്ള വസ്തുത ഉൾക്കൊണ്ടുകൊണ്ട് മലക്കപ്പാറ ഗവൺമെന്റ് യു. പി. സ്കൂൾ, ചായ്പംകുഴി ഗവൺമെന്റ് യു. പി. സകൂൾ, രണ്ടുകൈ ട്രൈബൽ ഗവൺമെന്റ് യു. പി. സ്കൂൾ തുടങ്ങിയ സ്കൂളുകൾ കൂടി ഗവൺമെന്റ് അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്ന സ്കൂളുകളുടെ ലിസ്റ്റിലുൾപ്പെടുത്തിയിട്ടില്ലെങ്കിൽ അവ കൂടി ഉൾപ്പെടുത്താനുള്ള ഒരു തീരുമാനം കൈക്കൊള്ളുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ബഹുമാനപ്പെട്ട അംഗം പറഞ്ഞ സ്കൂളുകളുടെ കാര്യം ഒന്നുകൂടി ഡീറ്റെയിൽഡായി എഴുതി തന്നാൽ അത് നോട്ടുചെയ്യാം. എന്നിട്ട് അപ്ഗ്രേഡ് ചെയ്യുന്ന സമയത്ത് തീർച്ചയായും അത് പരിഗണിക്കാം. മലയോര പ്രദേശങ്ങളുടെ കാര്യം നേരത്തേ പറഞ്ഞതാണ്. അപ്ഗ്രേഡ് ചെയ്യുന്ന സമയത്ത് മലയോര പ്രദേശങ്ങൾ, അതുപോലെ മത്സ്യത്തൊഴിലാളികളും മറ്റും തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ ഇവിടെയൊക്കെ ഒരു priority കൊടുക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. ആ സമയത്ത് ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം കൂടി പരിഗണിക്കുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി : സർ, അടുത്തവർഷം ആരംഭിക്കുന്നതിനെക്കുറിച്ച് പറഞ്ഞപ്പോൾ സാമ്പത്തികമായ പരിമിതി നോക്കി പറ്റുമെങ്കിൽ അതിനെക്കുറിച്ച് പരിഗണിക്കാം, ആലോചിക്കാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

14 വയസ്സുവരെ വിദ്യാഭ്യാസം നേടുക എന്നുള്ളത് ഭരണഘടനാപരമായ മൗലികാവകാശമാണ്. മൗലികാവകാശമായ നിലയ്ക്ക് അത് നടത്തിക്കൊടുക്കേണ്ട ഭരണഘടനാപരമായ ബാധ്യത ഗവൺമെന്റിനുണ്ട്. അതുകൊണ്ട് സാമ്പത്തികമായ പ്രശ്നം പരിഹരിക്കുന്നതിന് എവിടെനിന്നെങ്കിലും തുക കണ്ടെത്തി ഈ മൗലികാവകാശം നിറവേറ്റിക്കൊടുക്കാനുള്ള ഭരണഘടനാ ബാധ്യത നിറവേറ്റാൻ ഗവണ്മെന്റ് ഈ വർഷം തന്നെ തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അത് വളരെ പ്രധാനമായ കാര്യമാണ്. പക്ഷേ എന്തും ഉണ്ടാകണമെങ്കിൽ സാമ്പത്തികം ഒരു പ്രശ്നമാണ്. അതിന്റെ ലഭ്യതയ്ക്കുവേണ്ടി പരമാവധി പരിശ്രമിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഏറ്റവും വിപരീതമായ ഒരു കാര്യമെന്നുപറയുന്നത്. പ്ലസ് ടുവിന് അത് കൊടുത്തുപോയി. ഏതാണ്ട് 300 കോടി രൂപയുടെ താഴെവരും പ്ലസ് ടുവിന് ശമ്പളം കൊടുത്തിരിക്കുന്നത്. അതുമുഴുവൻ കൊടുത്തുതീർക്കേണ്ടിവന്നു. അതിനു പുറമെയാണ് അവിടെയുള്ള ലാബ് അസിസ്റ്റന്റുമാരുടെ പ്രശ്നം വന്നത്. 45 കോടി രൂപ അങ്ങനെയും വന്നു. അതുകൊണ്ട് വിദ്യാഭ്യാസ വകുപ്പിന്റെ സാമ്പത്തിക സാഹചര്യം, ഈ പ്ലസ് ടുവിലെ ശമ്പളം ശരിക്കുപറഞ്ഞാൽ തകിടം മറിക്കുകയാണ് ചെയ്തിട്ടുള്ളത്. ആ യാഥാർത്ഥ്യമെല്ലാം അംഗീകരിച്ചു കൊണ്ടല്ലാതെ മുന്നോട്ടുപോകാൻ പറ്റില്ല. ഏതായാലും അടുത്ത വർഷം ഈ ഗവൺമെന്റ് സ്കൂളിന്റെ കാര്യത്തിൽ upgradation-ന്റെ കാര്യത്തിൽ അനുകൂലമായ ചില തീരുമാനങ്ങൾ ഉണ്ടാകണമെന്നാണ് ആഗ്രഹിക്കുന്നത്. അതിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഇടുക്കി ജില്ല വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജില്ലയാണ്. മലയോര ജില്ലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കാൻ മുൻഗണന കൊടുക്കുമെന്ന് സാധാരണ പ്രഖ്യാപിക്കാറുണ്ടെങ്കിലും അനുവദിക്കുന്ന സ്കൂളുകളുടേയും സ്ഥാപനങ്ങളുടേയും എണ്ണം പരിശോധിച്ചാൽ, മറ്റുള്ള സ്ഥലത്തുകിട്ടുന്ന അത്രയുംപോലും കിട്ടുന്നില്ലെന്ന് കാണാൻ കഴിയും. എന്റെ നിയോജകമണ്ഡലമടങ്ങുന്ന ഇടുക്കി ജില്ലയിൽ 4 കിലോമീറ്റർ മുതൽ 8 കിലോമീറ്റർ ദൂരംപോലും എൽ. പി. സ്കൂളുകളില്ല. യു. പി. സ്കൂളുകൾ 8-10 കിലോമീറ്റർ കഴിഞ്ഞാണ്. 15 കിലോമീറ്റർ വരെ ഹൈസ്കൂളില്ലാത്ത പ്രദേശങ്ങളുമുണ്ട്. ഈ സ്ഥിതി പരിഹരിക്കണമെങ്കിൽ ഗവൺമെന്റ് പ്രത്യേകമായ നടപടികൾ സ്വീകരിച്ച് പിന്നോക്ക ജില്ലയേയും പ്രദേശങ്ങളേയും പരിഗണിക്കുന്ന ഒരു സമീപനം സ്വീകരിക്കുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഞാൻ ആദ്യത്തെ ചോദ്യത്തിനു മറുപടിയായി പറഞ്ഞു. ഗവൺമെന്റ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന സമയത്ത് എടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

മാനദണ്ഡങ്ങളിൽ പ്രധാനമായ ഒരു സംഗതി, അതിനു നിർദ്ദേശിക്കപ്പെടുന്ന സ്കൂളുകളും മറ്റു സ്കൂളുകളും തമ്മിലുള്ള ദൂരവും വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയുമാണ് എന്ന്. ഈ മാനദണ്ഡത്തിൽ തന്നെ അതുണ്ട്. ഇടുക്കിയുടെ കാര്യം അങ്ങു പറഞ്ഞതു ശരിയാണ്. എന്നാൽ അതു കൊടുക്കുന്ന സമയത്ത് ഈ മാനദണ്ഡങ്ങൾ തന്നെ അപ്ലൈ ചെയ്താൽ പോലും ഇടുക്കി പോലുള്ള ജില്ലകൾക്ക് ഒരു പ്രാമുഖ്യം കിട്ടും.

ശ്രീ. കെ. കെ. ഷാജു: സ്കൂളുകൾ അപ്ഗ്രേഡു ചെയ്യുമ്പോൾ മലയോര പ്രദേശങ്ങൾക്കും തീരദേശ പ്രദേശങ്ങൾക്കുമെല്ലാം മുൻഗണന കൊടുക്കുമെന്ന് അങ്ങ് പറയുകയുണ്ടായി. നമ്മുടെ യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ നിലവിൽ ഒരു ഗവൺമെന്റ് ഹൈസ്കൂൾ പോലും ഇല്ലാത്ത പ്രദേശങ്ങളുണ്ട്. ഉദാഹരണത്തിന് എന്റെ നിയോജകമണ്ഡലത്തിൽ നൂറനാട് പഞ്ചായത്തിൽ ഒരു ഗവൺമെന്റ് ഹൈസ്കൂൾ പോലുമില്ല. ഇത്തരം പഞ്ചായത്തുകളിൽ യു.പി. സ്കൂളുകൾ അപ്ഗ്രേഡു ചെയ്യാൻ മുൻഗണന കൊടുക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അതിപ്പോൾ വന്ന പ്രശ്നമാണ്. നേരത്തെ ഹൈസ്കൂളുകൾ ഇല്ലാത്ത 19 പഞ്ചായത്തുകൾ ഉണ്ടായിരുന്നു. അവിടെ മുഴുവനും ഹൈസ്കൂൾ കൊടുത്തു. പിന്നെ പഞ്ചായത്തു വിഭജനം വന്നതിനുശേഷമാണ് ഈ പ്രശ്നമുണ്ടായത്. ഒരു പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ എങ്കിലും ഉണ്ടാകണമെന്നുള്ളത് ഗവൺമെന്റിന്റെ പോളിസിയാണ്. അതുകൊണ്ട് ഇങ്ങനെയില്ലാത്ത പഞ്ചായത്തുകൾക്ക് സ്കൂളുകൾ കൊടുക്കുന്നതിനാവശ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്യണമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അടുത്ത അക്കാഡമിക് ഇയറോടുകൂടി അതു ചെയ്യാൻ കഴിയും.

ശ്രീ. വർക്കല കഹാർ: സർക്കാർ മേഖലയിൽ പുതിയ വിദ്യാലയങ്ങൾ ആരംഭിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല എന്നു പറഞ്ഞു. നമ്മുടെ നാട്ടിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ആരംഭിച്ച വെൽഫെയർ സ്കൂളുകൾ ഉണ്ട്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക്, നമ്മുടെ കുട്ടികളെപ്പോലെ ദൂരെ സ്ഥലങ്ങളിൽ സഞ്ചരിച്ചു പഠിക്കുവാൻ കഴിയുകയില്ല. ആ വെൽഫെയർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യത്തിൽ മുന്തിയ പരിഗണന നൽകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: വെൽഫെയർ സ്കൂളിന്റെ കാര്യം ഞങ്ങൾ പരിശോധിച്ച ഒരു സംഗതിയാണ്. ഭൗതിക സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ നല്ല പ്രയോറിറ്റി അതിനു കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ടി ഈ അടുത്ത കാലത്ത് ചില സർവ്വേകളൊക്കെ നടത്തിയിട്ടുണ്ട്. നല്ല പ്രവർത്തനം കാഴ്ച വച്ച എത്രയോ കൊല്ലം പഴക്കമുള്ള സ്കൂളുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അപ്ഗ്രേഡ് ചെയ്യുന്ന സമയത്ത് വെൽഫെയർ സ്കൂളുകളുടെ കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള : 'സാക്ഷര കേരളം സുന്ദര കേരളം' എന്ന മുദ്രാവാക്യം വർഷങ്ങൾക്കു മുമ്പ് നമ്മൾ സാക്ഷാത്ക്കരിച്ചു. പക്ഷേ കേരളത്തിൽ ഏറ്റവും കൂടുതൽ നിരക്ഷരരുള്ള വില്ലേജ് എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട പടവയലിലാണ്. പ്രാഥമികമായി അവിടത്തെ ജനങ്ങൾക്ക് വിദ്യാഭ്യാസം കൊടുക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഞാനൊരു നിവേദനം നൽകിയിരുന്നു. പക്ഷേ അതിനുവേണ്ടി കേരളാ സാക്ഷരതാ സമിതി ഒരിഞ്ചുപോലും നീങ്ങിയിട്ടില്ല. അതിന്റെ ചെയർമാനെന്നുള്ള നിലയ്ക്ക് അങ്ങ് വല്ല നടപടിയും ഇക്കാര്യത്തിൽ എടുക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സാക്ഷരതാ സമിതിയുടെ നേതൃത്വത്തിൽ ഭിന്നതല സ്കൂളുകളുണ്ട്, അതുപോലെയുള്ള മറ്റു സൗകര്യങ്ങളുമുണ്ട്. തീർച്ചയായിട്ടും ഇക്കാര്യം സാക്ഷരതാ സമിതിയുടെ മുമ്പിൽ വയ്ക്കുന്നതാണ്. അതിനാവശ്യമായ നടപടികൾ എടുക്കുന്നതാണ്. അടുത്ത എക്സിക്യൂട്ടീവ് യോഗത്തിൽ തന്നെ ഈ പ്രൊപ്പോസൽ കൊണ്ടുവരാം.

ശ്രീ. രാജു എബ്രഹാം : പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രസക്തി ഏറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. പല എയ്ഡഡ് സ്കൂളുകളിലും ചില ഗവൺമെന്റ് സ്കൂളുകളിലും ഇത് ആരംഭിച്ചിട്ടുണ്ട്. എല്ലാ ഗവൺമെന്റ് എൽ. പി. സ്കൂളുകളിലും ഈ പ്രീ പ്രൈമറി വിദ്യാഭ്യാസം അംഗനവാടികളെ ബാധിക്കാത്ത രൂപത്തിൽ ആരംഭിക്കാൻ നടപടി എടുക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇപ്പോൾ പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യമുള്ള ഗവൺമെന്റ് സ്കൂളുകൾ ഉണ്ട്. ചില സ്കൂളുകളിൽ പി. ടി. എ. അവർക്ക് ശമ്പളം കൊടുത്തുകൊണ്ടിരിക്കുകയാണ്. ആ നിലയിൽ അവരെ പ്രോൽസാഹിപ്പിക്കാമെന്നല്ലാതെ നിലവിൽ ഗവൺമെന്റ് സ്കൂളുകളോടനുബന്ധിച്ച് പ്രീ പ്രൈമറി സ്കൂളുകൾ ആരംഭിക്കുമെന്ന് പറയാൻ ഈ ഘട്ടത്തിൽ കഴിയില്ല.

ശ്രീ. സി. മോയിൻകുട്ടി : മലബാറിലെ ഏറ്റവും വിസ്തൃതമായ ഒരു മലയോര കുടിയേറ്റ മേഖലയാണ് തിരുവമ്പാടി. എട്ടു പഞ്ചായത്തുകളുള്ള ആ മണ്ഡലത്തിൽ രണ്ടു ഗവൺമെന്റ് ഹൈസ്കൂളുകൾ മാത്രമാണുള്ളത്. അതുകൊണ്ട് അവർക്ക് സ്വാഭാവികമായും സ്വകാര്യ മേഖലയെ ആശ്രയിക്കേണ്ടി വരുന്നു. തിരുവമ്പാടി മണ്ഡലത്തിൽ തന്നെ 50 ലക്ഷം രൂപ മുതൽ മുടക്കി ലാബ് സൗകര്യങ്ങളോടെയുള്ള വളരെ മനോഹരമായ ഒരു കെട്ടിടം സ്കൂളിനുവേണ്ടി തയ്യാറാക്കിയിട്ടുണ്ട്. മൂന്നും നാലും ബസ്സ് കയറി, പഠിക്കാൻ ബുദ്ധിമുട്ടുന്ന കുട്ടികൾക്കു തുടർന്നു പഠിക്കുന്നതിനുവേണ്ടി ഈ വിദ്യാലയത്തിന്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് അംഗീകാരം നൽകുമോ? ആനക്കാമ്പിൽ ഗവൺമെന്റ് ഹൈസ്കൂളിന്റെ കാര്യം ഞാൻ പല തവണ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അവിടെ 50 ലക്ഷം രൂപ ചെലവഴിച്ച ഒരു കെട്ടിടം വർഷങ്ങളായി നോക്കുകുത്തിപോലെ നിൽക്കുകയാണ്. നാലു ബസ്സുകൾ കയറിയിറങ്ങി വേണം വിദ്യാർത്ഥികൾക്ക് ഹൈസ്കൂളിൽ പോകാൻ. ഒരു പ്രത്യേക പരിഗണന നൽകി, മലയോര മേഖലയോടുള്ള പ്രത്യേക താല്പര്യം പരിഗണിച്ചുകൊണ്ട്, സമയബന്ധിതമായി അത്തരമൊരു സ്ഥാപനത്തിന് അംഗീകാരം നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അംഗീകാരം നൽകുന്ന കാര്യം വേറെ പരിഗണിക്കേണ്ട സംഗതിയാണ്. ഗവൺമെന്റിന് സാമ്പത്തിക ബാദ്ധ്യതയില്ലാത്ത വിധം ഇങ്ങനെ ഭൗതിക സൗകര്യങ്ങളുള്ള, സ്കൂളുകൾക്ക് അംഗീകാരം നൽകി അവയെ രക്ഷപ്പെടുത്തുവാൻ പറ്റുമോ എന്നുള്ള കാര്യം പരിശോധിക്കുന്നതാണ്. അതു ചെയ്യുന്ന സമയത്ത് തീർച്ചയായും ഇക്കാര്യം പരിശോധിക്കുന്നതാണ്. ഹിൽ ഏരിയയ്ക്ക് പ്രാമുഖ്യം നൽകുമെന്ന് ഞാൻ നേരത്തെയുള്ള ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. പി. നാരായണൻ : സർക്കാർ എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനു ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇക്കൊല്ലം ഗവൺമെന്റ് ഇരുപതോളം കോളേജുകളിൽ കോഴ്സുകൾ കൊടുത്തു. എല്ലാം ഗവൺമെന്റ് കോളേജുകളിലാണ്. യൂണിവേഴ്സിറ്റിയോട് പറഞ്ഞ് ഇക്കൊല്ലം സ്റ്റാർട്ടു ചെയ്യാൻ പറ്റുന്നത് അങ്ങനെ ചെയ്തിട്ടുണ്ട്. സ്റ്റാർട്ടു ചെയ്യാൻ പറ്റാത്തത് അടുത്ത അധ്യയന വർഷത്തിൽ ചെയ്യുന്നതാണ്. ഗവൺമെന്റ് കോളേജുകളിൽ കുറെ കാലത്തിനുശേഷം ഇത്രയും കോഴ്സുകൾ കൊടുക്കുന്നത് ഇതാദ്യമായിട്ടാണ്.

ശ്രീ. എം. എ. വാഹീദ് : പുതിയ കോളേജുകൾ ആരംഭിക്കുവാൻ തടസ്സം സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള സാമ്പത്തിക ബാധ്യതയാണെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പല വിദ്യാലയങ്ങളിലും അധ്യാപകർ വെറുതെ ഇരിക്കുന്ന സ്ഥലങ്ങളുണ്ട്. നാലു വിദ്യാർത്ഥികളും അഞ്ചു അധ്യാപകരും ഉള്ള സ്കൂളുകൾ ഉണ്ട്. അൺഇക്കണോമിക് സ്കൂളുകൾ എന്നാണ് പറയുന്നത്. ഇപ്പോൾ സമ്മർദ്ദം കൊണ്ട് ഈ അധ്യാപകർ അവിടെ തുടരുന്നുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ തുമ്പ എൽ. പി. സ്കൂളിൽ, നാലു ഡിവിഷനുകളിലായി നാലു കുട്ടികളും അഞ്ചു അധ്യാപകരുമുണ്ട്. ഈ അധ്യാപകരെ റീ ഡിപ്ലോയ് ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

പുതിയ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നിടത്ത്, പുതിയ ക്ളാസ്സുകൾ ആരംഭിക്കുന്നിടത്ത് നിയമിക്കത്തക്ക രീതിയിലുള്ള ഒരു സംവിധാനം ഉണ്ടാക്കി, കുറെ സ്കൂളുകൾ എങ്കിലും അപ്ഗ്രേഡ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇതു രണ്ടും രണ്ടായി കാണേണ്ട കാര്യമാണ്. അദ്ദേഹം പറഞ്ഞതുപോലെ ചില സ്കൂളുകളുണ്ട്. ഏതായാലും ഗവൺമെന്റ് അൺഇക്കണോമിക് സ്കൂളുകൾ അടച്ചു പൂട്ടാൻ ആഗ്രഹിക്കുന്നില്ല. അപ്ഗ്രേഡു ചെയ്യുന്നതിനെ സംബന്ധിച്ചുള്ള കാര്യം നമുക്ക് മറ്റൊരു മാനദണ്ഡം ഉപയോഗിച്ച് ചെയ്യാം. അതിനുവേണ്ടിയുള്ള കാര്യങ്ങളാണ് ഞാൻ നേരത്തെ ഇവിടെ ചോദ്യത്തിനു മറുപടിയായി പറഞ്ഞത്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനും പുതിയ സ്കൂളുകൾ ആരംഭിക്കാനും സർവ്വേ നടത്തി ലിസ്റ്റുകൾ തയ്യാറാക്കുമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സർവ്വേ ലിസ്റ്റെന്നു പറഞ്ഞാൽ നമ്പറുകൾ കുറെ കൂടുതൽ കാണും. അതിൽ മുൻഗണനാ ലിസ്റ്റിൽ തീരുമാനം വരുമ്പോൾ, മുൻഗണനയുടെ കാര്യങ്ങൾ അവഗണിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. മുൻഗണനയുമായി ബന്ധപ്പെട്ട് എം.എൽ.എ. മാരുമായി കൂടിയാലോചന നടത്തിയാൽ കൂടുതൽ ഫലപ്രദമായിരിക്കും. അതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: തീർച്ചയായും ചെയ്യുന്നുണ്ട്. നമ്മൾ വിചാരിച്ചാൽ എല്ലാ സ്കൂളുകളും അപ്ഗ്രേഡ് ചെയ്യുവാൻ സാധിക്കുകയില്ല. അപ്ഗ്രേഡ് ചെയ്യുന്ന സമയത്ത് ഏതിനാണ് പ്രയോറിറ്റി കൊടുക്കേണ്ടത് എന്ന് സ്ഥലം എം. എൽ. എ. യുമായി ചർച്ച ചെയ്തിട്ടു മാത്രമേ ചെയ്യുകയുള്ളൂ.

ശ്രീ. കെ. എ. ചന്ദ്രൻ: പറമ്പിക്കുളം ഒരു വന്യമൃഗസംരക്ഷണ കേന്ദ്രമാണ്. ആ കാട്ടിൽ 13 ആദിവാസി കോളനികളുണ്ട്. അവിടെ ചുങ്കം ഗവൺമെന്റ് എൽ. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യേണ്ടത് എന്തുകൊണ്ടും അത്യാവശ്യമാണ്. ഇക്കൊല്ലം മുഖ്യ പ്രാതിനിധ്യം നൽകി, വരുന്ന അധ്യയന വർഷത്തിലെങ്കിലും അപ്ഗ്രേഡ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ആദിവാസി മലയോര മേഖലയിൽപ്പെട്ട സ്കൂളിന്റെ കാര്യമാണ് ശ്രീ. കെ. എ. ചന്ദ്രൻ ഇവിടെ സൂചിപ്പിച്ചത്. അതു നോട്ടു ചെയ്തിട്ടുണ്ട്. അപ്ഗ്രേഡ് ചെയ്യുന്ന സമയത്ത് അക്കാര്യത്തിൽ ഒരു പ്രയോറിറ്റി കൊടുത്തുകൊണ്ട് ചെയ്യുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ : നേരത്തെ പ്രൊഫ. സാവിത്രി ലക്ഷ്മണൻ പറഞ്ഞതു പ്രകാരം ശാസ്ത്ര സാഹിത്യ പരിഷത്ത് തയ്യാറാക്കിയിട്ടുള്ള ആ സർവ്വേ റിപ്പോർട്ടിന്റെ കണക്കൊന്നും സ്കൂളുകളുടെ കാര്യത്തിൽ ഇല്ല. അൺ എയ്ഡഡ് സ്കൂളുകൾ, കെ. ഇ. ആർ.-ലെ വ്യവസ്ഥയനുസരിച്ച് ഒരു സ്റ്റാൻഡേർഡിൽ 25 കുട്ടികൾ വേണം. അറബിക്, സംസ്കൃതമൊക്കെയാണെങ്കിൽ 15 കുട്ടികൾ വേണം. അങ്ങനെ കുട്ടികളില്ലാത്തതാണ് അൺഇക്കണോമിക്കായി കണക്കാക്കിയിട്ടുള്ളത്. അല്ലാതെ ശാസ്ത്ര സാഹിത്യ പരിഷത്ത് അതിലൊരു പങ്കും വഹിച്ചിട്ടില്ല. അങ്ങേയ്ക്കുവേണമെങ്കിൽ ഗവൺമെന്റ് റിപ്പോർട്ടു തരാം. (ഇക്കണോമിക് റിവ്യൂ പേജ് 279) ശാസ്ത്ര സാഹിത്യ പരിഷത്തിന് ഇതിൽ ഒരു പങ്കുമില്ല. ഞാൻ പറയുന്ന കാര്യം കെ. ഇ. ആർ.-ലെ വ്യവസ്ഥ ഭേദഗതി ചെയ്തിട്ട്, 2003-04-ലെ കണക്ക് നമ്മൾ പരിശോധിച്ചാൽ, ഒരു ലക്ഷം കുട്ടികൾ പൊതു വിദ്യാലയങ്ങളിൽ കുറഞ്ഞു എന്നാണ് കണക്ക്. അതുകൊണ്ട് കെ. ഇ. ആർ.-ലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുകയും നിലവിലുള്ള പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കുകയും, അൺഎയ്ഡഡ് വിദ്യാലയങ്ങൾ ഒരെണ്ണം പോലും ഇനി കൊടുക്കുകയില്ല എന്നു തീരുമാനിക്കാനും ഗവൺമെന്റ് തയ്യാറാകുമോ? അതിനു സഹായകമായ വിധത്തിൽ ഒരു പഠനം നടത്താൻ ഒരു കമ്മിറ്റിയെ നിയോഗിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, കെ. ഇ. ആർ.-ൽ പറഞ്ഞ പ്രൊവിഷൻ ശരിയാണ്. ഒരു ഡിവിഷനിൽ 25 കുട്ടികളിൽക്കൂടുതലില്ലെങ്കിൽ അത് അൺഇക്കണോമിക് സ്കൂൾ എന്ന കാറ്റഗറിയിലാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അതിന് കെ. ഇ. ആർ.-ൽ ഭേദഗതി ചെയ്തിട്ട് അൺഇക്കണോമിക് സ്കൂൾ എന്ന പ്രൊവിഷൻ എടുത്തുകളയേണ്ട കാര്യമില്ല. അൺ എയ്ഡഡ് സ്കൂളുകൾ കൊടുക്കില്ലെന്നുള്ള ഒരു പ്രഖ്യാപനം നടത്താൻ നിവൃത്തിയില്ല. ചില ഘട്ടങ്ങളിൽ എയ്ഡഡ് സ്കൂളുകളും ഗവൺമെന്റ് സ്കൂളുകളും കൊടുക്കാത്തിടത്ത് നന്നായി പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളുകൾക്ക് അഗീകാരം കൊടുക്കേണ്ടി വരും. എന്നാൽ മാത്രമേ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുകയുള്ളു. അങ്ങനെ ആ ചാപ്റ്റർ അടയ്ക്കാൻ പറ്റുകയില്ല.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, പ്രൊട്ടക്റ്റഡ് അധ്യാപകരുടെ എണ്ണം വളരെയധികം കേരളത്തിൽ നിലനിൽക്കുകയാണ്. ഡിവിഷൻഫാൾ വരുന്നതുകൊണ്ടും ഒട്ടേറെ അധ്യാപകർ എക്സസ് ആണ്. ഒറ്റ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾ പോലുമില്ലാത്ത പഞ്ചായത്തുകൾ എന്റെ നിയോജകമണ്ഡലത്തിലുണ്ട്. അധികമുള്ള അധ്യാപകരെ അത്തരം പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ ഡിപ്ലോയ് ചെയ്യുന്നതുകൊണ്ടുമാത്രം സ്കൂളുകളുടെ വേക്കൻസി നികത്താൻ പറ്റുകയില്ല. ശ്രീ. സി. ടി. അഹമ്മദ് അലി ചൂണ്ടിക്കാണിച്ചതുപോലെ ഒരു ഹൈസ്കൂൾ പോലുമില്ലാത്ത പഞ്ചായത്തുകളിൽ ഒരു ഹൈസ്കൂൾ എന്നുള്ള തത്വം നേരത്തെ അംഗീകരിച്ചിട്ടുണ്ട്. ആ ഏരിയ അതിൽപ്പെട്ടിട്ടില്ലെങ്കിൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, ഏറ്റവും കൂടുതൽ ചൂഷണം നടക്കുന്നത് പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗത്താണ്. മൂന്നു വയസ്സുള്ള ഒരു വിദ്യാർത്ഥിയെ സ്കൂളിൽ ചേർക്കണമെങ്കിൽ ഒരു എൻട്രൻസ് പരീക്ഷവച്ച് അയ്യായിരം രൂപമുതൽ ഇരുപത്തയ്യായിരം രൂപവരെ സംഭാവന വാങ്ങിച്ചാണ് അഡ്മിഷൻ കൊടുക്കുന്നത്. നമ്മുടെ നാട്ടിൽ സുലഭമായ അംഗൻവാടികളുണ്ട്. സർക്കാരിന് വലിയ ബാദ്ധ്യതയൊന്നുമില്ലാതെ ഈ അംഗൻവാടികളെ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാനും അതനുസരിച്ചുള്ള മറ്റ് ചൂഷണങ്ങൾ തടയാനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഇത് രണ്ടും രണ്ടാണ്. അംഗൻവാടികളിൽ പ്രീ-പ്രൈമറി ആരംഭിക്കാൻ കഴിയുന്ന കാര്യം പ്രയാസമാണ്. കാരണം അതിന്റെ ഒരു ക്യാരക്ടർ വ്യത്യസ്തമാണ്. അതുകൊണ്ട് പ്രീ-പ്രൈമറി ആരംഭിക്കാൻ പറ്റുകയില്ല. അതേസമയത്ത് പ്രീ-പ്രൈമറി വിദ്യാലയങ്ങൾ മറ്റ് മേഖലകളിൽ ആരംഭിക്കുന്നതിനെക്കുറിച്ച് മാത്രമേ പരിശോധിക്കാൻ സാധിക്കുകയുള്ളു. ഇനി അതിന് സാദ്ധ്യതയുണ്ടോയെന്ന് സോഷ്യൽ വെൽഫയർ ഡിപ്പാർട്ടുമെന്റുമായിട്ട് ഒരു ചർച്ച നടത്തി പരിശോധിക്കാം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ഹയർ സെക്കന്ററിയിൽ കഴിഞ്ഞ തവണ ഗസ്റ്റ് ലക്ച്ചറർമാരായി എടുത്ത ആളുകൾക്ക് ശമ്പളം തീരെ കൊടുക്കാതെ പഠിപ്പിക്കുന്ന ഒരു എക്സ്പീരിയൻസ് സർക്കാരിന്റെ ഭാഗത്തുണ്ട്. കഴിഞ്ഞ അദ്ധ്യയനവർഷം എടുത്ത ഗസ്റ്റ് ലക്ച്ചറർമാർക്ക് ഇതുവരേയും ശമ്പളം കൊടുത്തിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി അപ്ഗ്രേഡ് ചെയ്യേണ്ട എൽ. പി. യു. പി. സ്കൂളുകളെ അപ്ഗ്രേഡ് ചെയ്ത് പി.ടി.എ.-യെക്കൊണ്ടും അതുപോലെ സർക്കാരിന്റെ മറ്റ് സംവിധാനങ്ങൾകൊണ്ടും അത്യാവശ്യം പണം കൊടുപ്പിച്ച് സർക്കാരിന് ഈ സ്കൂളുകൾ ആരംഭിക്കാൻ സാധിക്കുമോ? അങ്ങനെയുള്ള ഒരു നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, അങ്ങനെ കഴിയില്ല. ഇവർക്ക് വ്യക്തമായിട്ട് ശമ്പളം കൊടുക്കാനുള്ള പ്രൊവിഷൻ കണ്ടുകൊണ്ട് കൊടുത്തില്ലെങ്കിൽ ആ സ്ഥാപനങ്ങൾ കഷ്ടത്തിലാകും. അതാണ് പണ്ടുണ്ടായത്. ശ്രീ. കെ. വി. കുഞ്ഞിരാമന് ഓർമ്മയുണ്ടാകും. മൂന്നുവർഷവും അവർക്ക് ശമ്പളം കിട്ടിയില്ല. പുതിയ ഗവൺമെന്റ് വന്നിട്ട് അവർക്ക് ശമ്പളം കൊടുക്കേണ്ടി വന്നു. അങ്ങ് ഇവിടെ പറഞ്ഞത് ഗസ്റ്റ് ലക്ച്ചറർമാരുടെ കാര്യമാണ്. സ്ഥിരമായിട്ട് പോസ്റ്റ് ചെയ്തവർക്കുപോലും ശമ്പളം കിട്ടിയിരുന്നില്ല. ഇപ്പോൾ ഗവൺമെന്റ് ആഗ്രഹിക്കുന്നത്, അങ്ങനെ ചെയ്യുകയാണെങ്കിൽ ആ recurring expenditure കൊടുക്കാനുള്ള സംവിധാനം ഉറപ്പുവരുത്തണമെന്നാണ്. അതല്ലാതെ എങ്ങനെയെങ്കിലും കൊടുത്തുകൊള്ളുമെന്ന നിലയിൽ തുടങ്ങിക്കഴിഞ്ഞാൽ കുട്ടികളും സ്ഥാപനങ്ങളും കഷ്ടത്തിലാകും. അത് ചെയ്യാൻ പറ്റുകയില്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനെക്കുറിച്ചാണ് എനിക്ക് ചോദിക്കുവാനുള്ളത്. വളരെ നല്ല നിലയിൽ പ്രവർത്തിക്കുകയും, വളരെ നല്ല performance കാഴ്ചവയ്ക്കുകയും ചെയ്യുന്ന എൽ. പി. യു. പി. സ്കൂളുകളുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ രണ്ടുമൂന്ന് സ്കൂളുകളുണ്ട്. സംസ്ഥാന സർക്കാരിന് വലിയ സാമ്പത്തിക ബാദ്ധ്യതയില്ലാതെ വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകാമെന്ന് അങ്ങ് പലപ്രാവശ്യം പറയുകയും ചെയ്തിട്ടുള്ളതാണ്. പക്ഷെ ഇതുവരേയും അതിന് നടപടി സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് സംസ്ഥാന സർക്കാരിന് യാതൊരു ബാദ്ധ്യതയുമില്ലാത്ത നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന സ്കൂളുകൾക്ക് അടിയന്തിരമായി അംഗീകാരം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഈ സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുന്ന സമയത്തുള്ള ഒരു സംഗതിയെന്നുപറയുന്നത് നിലവിലുള്ള ഗവൺമെന്റ് സ്കൂളിനേയും എയ്ഡഡ് സ്കൂളിനേയും ദോഷകരമായി ബാധിക്കുമോയെന്നുള്ളതാണ്. ശ്രീ. തോമസ് ഉണ്ണിയാടൻ പറഞ്ഞതു പോലെയാണെങ്കിൽ കൊല്ലങ്ങളായി വർക്ക് ചെയ്യുന്ന സ്കൂളിന് അംഗീകാരം കൊടുത്തുകഴിഞ്ഞാൽ സ്വാഭാവികമായും ഗവൺമെന്റിന് ബാദ്ധ്യതയുണ്ടാകില്ല. അതുകൊണ്ട് ഗവൺമെന്റ് ഇപ്പോൾ ഒരു ഫോർമാറ്റിൽ ഇങ്ങനെ എത്ര സ്കൂളുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന്, എല്ലാപേരോടും ചോദിക്കുകയാണ്. ദീർഘമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാര്യത്തെപ്പറ്റി ഗവൺമെന്റ് ഇപ്പോൾ സർവെ നടത്തുകയാണ്. ആ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞതിനുശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കും.

LIBRARY ARCHIVES Kerala Legislative Assembly